**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1916** **29-09-2025 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ പുതിയ കെ. എസ്. ആർ. ടി. സി ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സർവീസ് നടത്തുന്നതിനായി എത്ര പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ അനുവദിച്ചിട്ടുണ്ട്; അവ ഓരോന്നിന്റെയും സമയവും റൂട്ടും അറിയിക്കാമോ; | (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ പുതിയ ബസ്സുകൾ അനുവദിച്ചിട്ടില്ല. |
| (ബി) | ബാലുശ്ശേരിയിലേക്കുള്ള രാത്രികാല യാത്രാക്ലേശം പരിഹരിക്കുന്നതിനായി ലാഭകരമായി ഓടാവുന്ന പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ബാലുശ്ശേരിയിലേക്കുള്ള രാത്രികാല യാത്രാക്ലേശം പരിഹരിക്കുന്നതിനായി 23.10 മണിക്ക് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്നും ബാലുശ്ശേരി വഴി താമരശ്ശേരിയിലേയ്ക്ക് 17.08.2025 മുതൽ ഒരു ട്രിപ്പ് ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ 21.20 മണിയ്ക്ക് പിറവം - ചക്കിട്ടപ്പാറ സർവീസും നടത്തിവരുന്നുണ്ട്. ടി സർവീസുകളിൽ യാത്രക്കാരുടെ തിരക്ക് അനുഭവപ്പെടാറില്ല. യാത്രാ ഡിമാന്റ് വർദ്ധിക്കുന്നതിനനുസരിച്ച് പുതിയ സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ